LIBRARY ARCHIVES Kerala Legislative Assembly

പൊതു പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരമാലിന്യങ്ങളുടെ പ്രധാന ഉറവിടം മാർക്കറ്റ് പോലുള്ള സ്ഥലങ്ങളായതിനാൽ അത്തരം മാലിന്യം കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിനായി എയ്റോബിക് ഫെറൊ സിമന്റ് ബിൻ കമ്പോസ്റ്റിംഗ് ചില നഗരസഭകളിൽ പരീക്ഷിച്ച് വരുന്നുണ്ട്. കൂടാതെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുവരുന്നു.

(ബി) മാലിന്യ സംസ്കരണ പദ്ധതി പല നഗരസഭകളിലും വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഗാർഹികതലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% (പരമാവധി 5000 രൂപ) സബ്സിഡി സർക്കാർ വിഹിതമായും 25% സബ്സിഡി നഗരസഭാ വിഹിതമായും ശുചിത്വമിഷൻ നൽകിവരുന്നു. കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 75% സബ്സിഡി സർക്കാർ വിഹിതമായും 15% സബ്സിഡി നഗരസഭാ വിഹിതമായും നൽകിവരുന്നു. ഇതുകൂടാതെ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ്, പൊതു എയ്റോബിക് കമ്പോസ്റ്റിംഗ് പദ്ധതികളും അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്ന പദ്ധതികളും നഗരസഭകൾ നടപ്പിലാക്കി വരുന്നു.

(സി) ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ, ആധുനിക ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നവീകരണം എന്നീ പദ്ധതികൾക്ക് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ ആധുനിക അറവുശാലകൾ സ്ഥാപിക്കൽ, ആധുനിക വാതക ശ്മശാനം സ്ഥാപിക്കൽ എന്നിവയ്ക്ക് സാങ്കേതിക സഹായവും നല്കിവരുന്നു.

**നഗരസഭകളിലെ റോഡുകളുടെ പുനരുദ്ധാരണം**

116 (1587) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ നഗരസഭകളിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങൾ എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി;

(ബി) അതിൽ ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം പ്രസ്തുത ഇനത്തിൽ നൽകുകയുണ്ടായി എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 - ലഭ്യമല്ല.
2012-13 - 9290.17 ലക്ഷം രൂപ
2013-14 - 16917.8 ലക്ഷം രൂപ
2014-15 - 17001.32 ലക്ഷം രൂപ
2015-16 - 2874.96 ലക്ഷം രൂപ

(ബി) വിവരം ശേഖരിച്ചുവരുന്നു.

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

117 (1588) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിക്കപ്പെട്ടത് എത്ര തുകയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കുവേണ്ടി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക ഇപ്രകാരമാണ്.

2012-13 - 16,28,04,962
2013-14 - 12,16,00,000
2014-15 - 30,00,00,000
2015-16 - 15,00,00,000

(ബി) ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

2012-13 - 11,84,19,257
2013-14 - 6,43,02,188
2014-15 - 7,48,30,354
2015-16 - 6,68,08,263
(31-10-2015 വരെ)